സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്രമം

## സംഗ്രഹം

ആറന്മുള ഗ്രൂപ്പ് - മലയാലപ്പുഴ ദേവസ്വം 2021-2022 കാലയളവിലെ ലേലക്കാരുടെ അപേക്ഷ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആർ.ഒ.സി. നമ്പർ. 459/21/എൻ.എസ്. നന്തൻകോട്, 25/10/2021.

---

പരാമർശം : 1. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 26-07-2021-ലെ WP (c) 14574/2021 നമ്പർ വിധിന്യായം

2. ദേവസ്വം കമ്മീഷണറുടെ 29.09.2021-ലെ ആർ.ഒ.സി. 8409/21/എൻ.എസ്.2 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ആറന്മുള ഗ്രൂപ്പിൽപ്പെട്ട മലയാലപ്പുഴ ദേവസ്വത്തിലെ 2021-2022 സാമ്പത്തിക വർഷത്തെ പൂമാലകെട്ടി വിൽക്കുന്നതിനുള്ള അവകാശം, കോഴിയെ എടുക്കുന്നതിനും വിൽക്കുന്നതിനുമുള്ള അവകാശം, മഞ്ചാടി എടുക്കുന്നതിനും വിൽക്കുന്നതിനും ഉള്ള അവകാശം എന്നിവയുടെ ബാക്കി ലേലതുക അടയ്ക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിക്കുന്നതിനായി ലേലക്കാർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP (c) 14574/2021 നമ്പരായി കേസ്സ് ഫയൽ ചെയ്തിട്ടുള്ളതാണ്.

26-07-2021-ലെ WP (c) 14574/2021 നമ്പർ വിധിന്യായത്തിൽ രണ്ടാം ഗഡു 30-09-2021 ന് മുമ്പ് അടയ്ക്കുന്നതിനും മൂന്നാം ഗഡു തുക അടയ്ക്കുന്നതിന് സാവകാശം അനുവദിക്കുന്നതിന് ബോർഡിനെ സമീപിക്കാമെന്നും ഉത്തരവായിട്ടുള്ളതാണ്. (പരാമർശം 1)

കോവിഡ് 19 സാഹചര്യവും ലോക്ക്ഡൗണും പരിഗണിച്ച് രണ്ടും മൂന്നും ഗഡുക്കൾ അടയ്ക്കുന്നതിന് ഡിസംബർ വരെ സാവകാശം അനുവദിക്കണമെന്നും കോവിഡ് മൂലമുണ്ടായ രണ്ട് മാസത്തെ വരുമാന നഷ്ടം കണക്കാക്കി ലേലത്തുക കുറവ് ചെയ്തു നൽകണമെന്നും ലേലക്കാർ അപേക്ഷ ഹാജരാക്കിയിട്ടുള്ളതായും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിയിൻമേൽ ലേലക്കാരുടെ അപേക്ഷ സംബന്ധിച്ച് ഉചിതമായ ഉത്തരവ് ഉണ്ടാകണമെന്നും വിവരിച്ച് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു. (പരാമർശം 2)

പ്രസ്തുത വിഷയം ബോർഡ് ചർച്ച ചെയ്തു.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം രണ്ടാം ഗഡു 30-09-2021 നകം അടച്ചവർക്ക് മൂന്നാം ഗഡു അടയ്ക്കുന്നതിന് 31-12-2021 വരെ സമയം അനുവദിച്ച് ബോർഡുത്തരവാകുന്നു.

ഈ ആനുകൂല്യം എല്ലാ ദേവസ്വങ്ങളിലും ബാധകമാക്കിയും ബോർഡുത്തരവാകുന്നു.

(മറുപുറം)

പ്രസ്തുത സമയ പരിധിക്കകം തുക അടയ്ക്കാത്ത പക്ഷം ലേല നിബന്ധന പ്രകാരമുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

വരുമാന നഷ്ടം കണക്കാക്കി തുകയിൽ ഇളവ് വരുത്തണമെന്ന ആവശ്യം നിരസിച്ചും ബോർഡുത്തരവാകുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി**
**(ഒപ്പ്)**
**സെക്രട്ടറി**

പകർപ്പ് :

1) ദേവസ്വം കമ്മീഷണർ
2) ഫിനാൻസ് കമ്മീഷണർ
3) എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
4) ലാ ആഫീസ്
5) ലെയിസൺ ആഫീസ്
6) എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
7) ഇ.ഡി.പി സെക്ഷൻ
8) മിനിറ്റ്സ്
9) സെക്ഷൻ ഫയൽ
10) ഫയൽ ബുക്ക്
11) ആഫീസ് കോപ്പി

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി